പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 956 07.02.2013-ൽ മറുപടിക്ക്.

## ക്ഷേമനിധി പെൻഷൻ ബാങ്ക് അക്കൗണ്ട് മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്;<br>ശ്രീ. റ്റി.യു. കുരുവിള;<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ക്ഷേമനിധി പെൻഷനുകൾ അതാതുമാസം ബാങ്ക് അക്കൗണ്ടുകളിലൂടെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) 2013 ഏപ്രിൽ 1 മുതൽ എല്ലാ ക്ഷേമനിധി ബോർഡുകളുടേയും എല്ലാ ആനുകൂല്യങ്ങളും സാങ്കേതിക സഹായത്തോടെ വിതരണം ചെയ്യുന്നതിനുള്ള നടപടികളുമായി തൊഴിൽ വകുപ്പ് മുന്നോട്ട് പോകുന്നു. |
| (ബി) ക്ഷേമനിധി പെൻഷനുകൾ കാലാകാലങ്ങളിൽ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം പോലെ പരിഷ്ക്കരിക്കുന്നതിന് നടപടിയുണ്ടാകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാമ്പത്തികമായി സുസ്ഥിരമായ ചുരുക്കം ചില ബോർഡുകളൊഴിച്ചാൽ ബാക്കിയുള്ള എല്ലാ ബോർഡുകളിലേയും തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടു കൂടിയാണ് പെൻഷൻ നൽകി വരുന്നത്. ആയതിനാൽ ജീവനക്കാരുടെ ശമ്പള പരിഷ്കണം പോലെ പരിഷ്കരിക്കുവാൻ സാധിക്കുകയില്ല. എന്നാൽ കാലാകാലങ്ങളിൽ പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ